10924
19/5/18

# കേരള സർക്കാർ

## സംഗ്രഹം

പൊതുഭരണം - സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ , ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പാക്കുന്നതിന് നിർദ്ദേശിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പൊതുഭരണ (ഏകോപനം) വകുപ്പ്

സ.ഉ.(കൈ)നം. 108/2018/പൊഭവ. തീയതി, തിരുവനന്തപുരം, 18-05-2018

പരാമർശം- സ.ഉ(എം.എസ്) 315/10/പൊഭവ, തീയതി 13/09/2010

## ഉത്തരവ്

ഭരണനവീകരണത്തിന്റെ ഭാഗമായി കേരളത്തിലെ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനുമായി എല്ലാ സർക്കാർ ഓഫീസുകളിലും സ്പാർക്കുമായി ബന്ധിപ്പിച്ചുകൊണ്ട് ബയോമെട്രിക്ക് ഫിംഗർപ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം (പഞ്ചിംഗ് സിസ്റ്റം) നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 2018 ജനുവരി 1 മുതൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പഞ്ചിംഗ് സിസ്റ്റം കർശനമാക്കുകയും ഹാജർ സ്പാർക്കുമായി ബന്ധിപ്പിക്കുകയും ചെയ്തു. തുടർന്ന് സംസ്ഥാനത്തെ എല്ലാ സർക്കാർ , അർദ്ധ സർക്കാർ, സ്വയംഭരണ, ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങളിലും താഴെപ്പറയുന്ന വ്യവസ്ഥകൾ പ്രകാരം സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കേണ്ടതാണെന്ന് ഉത്തരവാകുന്നു.

1) സ്പാർക്ക് മുഖേന ശമ്പളം ലഭിക്കുന്ന എല്ലാ സർക്കാർ ഓഫീസുകളിലും, വിദ്യഭ്യാസ സ്ഥാപനങ്ങളിലും 2018 ഒക്ടോബർ 1നകം ബയോമെട്രിക്ക് പഞ്ചിംഗ് സിസ്റ്റം കർശനമായി നടപ്പിലാക്കി ഹാജർ സ്പാർക്കുമായി ബന്ധിപ്പിക്കേണ്ടതാണ്.

2) ഓരോ വകുപ്പിലും വകുപ്പിനു കീഴിൽ വരുന്ന എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും പഞ്ചിംഗ് സംവിധാനം കൃത്യമായി നടപ്പിലാക്കേണ്ട പൂർണ്ണ ചുമതല അതാത് വകുപ്പ് സെക്രട്ടറിക്കും, വകുപ്പു മേധാവിക്കുമായിരിക്കുന്നതാണ്.

3) ശമ്പള വിതരണ സോഫ്റ്റ് വെയറായ സ്പാർക്കിൽ ജീവനക്കാരുടെ അവധികൾ, ഔദ്യോഗിക യാത്ര, കോമ്പൻസേറ്ററി ഓഫ്, ഷിഫ്റ്റ് തുടങ്ങി എല്ലാ കാര്യങ്ങളും രേഖപ്പെടുത്തുന്നതിന് പ്രത്യേകം പ്രത്യേകം മോഡ്യൂളുകൾ വികസിപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഉപയോഗക്രമം സംബന്ധിച്ച മാർഗ്ഗരേഖ ലഭ്യമാക്കുന്നതാണ്.

4) നിലവിൽ സ്പാർക്കു വഴി ശമ്പളം വാങ്ങുന്ന എല്ലാ ജീവനക്കാരുടെയും പഞ്ചിംഗ് സ്പാർക്കുമായി ബന്ധപ്പെടുത്താവുന്ന തരത്തിലുള്ള ഹാർഡ് വെയറും, സോഫ്റ്റ് വെയറുമാണ് ഉപയോഗിക്കേണ്ടത്. ഹാർഡ് വെയർ സംബന്ധിച്ച് കെൽട്രോണിനെയും (The Head (SSG) Kerala State Electronics Development Corporation Ltd (KELTRON), Karakulam, Thiruvananthapuram Phone:-0472-2888457) സോഫ്റ്റ് വെയർ സംബന്ധിച്ച സംശയങ്ങൾക്ക് സ്പാർക്ക് മാനേജരുമായി ബന്ധപ്പെടാവുന്നതാണ്.

5) പുതിയതായി സ്ഥാപിക്കുന്ന പഞ്ചിംഗ് മെഷീനുകൾ ഭാവിയിൽ ആധാറുമായി ബന്ധപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ളതായിരിക്കണം (സെക്രട്ടറിയേറ്റിലെ പഞ്ചിംഗ് മെഷീനുകൾ, സോഫ്റ്റ് വെയർ എന്നിവ മാതൃകയാക്കാവുന്നതാണ്)

6) ബയോമെട്രിക്ക് സംവിധാനത്തിൽ എല്ലാത്തരം സ്ഥിരം ജീവനക്കാരെയും നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്

7) പഞ്ചിംഗ് സംവിധാനം നടപ്പാക്കുന്നതിനാവശ്യമായ ചെലവുകൾ വകുപ്പുകൾ അവരവരുടെ ബജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്.

8) പഞ്ചിംഗ് സംവിധാനം വകുപ്പുകളിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച പുരോഗതി ചീഫ് സെക്രട്ടറിയുടെ സെക്രട്ടറിമാരുമായുള്ള പ്രതിമാസയോഗത്തിൽ അവലോകനം ചെയ്യുന്നതാണ്.

9) നിലവിൽ ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം സ്ഥാപിച്ചിട്ടുള്ള ഓഫീസുകൾ അവരുടെ പഞ്ചിംഗ് മെഷീൻ സ്പാർക്കുമായി ബന്ധപ്പെടുത്തുവാൻ സാധിക്കുന്നതാണോ എന്നു പരിശോധിക്കേണ്ടതും അപ്രകാരം ബന്ധപ്പെടുത്തുവാൻ സാധിക്കുന്നില്ലെങ്കിൽ പുതിയ മെഷീനുകൾ സ്ഥാപിക്കേണ്ടതുമാണ്.

10) വകുപ്പിലെ എല്ലാ തലത്തിലുമുള്ള ഓഫീസുകളിലും സ്പാർക്ക് ബന്ധിത പഞ്ചിംഗ് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കിയ ശേഷം അതോറിറ്റികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കമ്മീഷനുകൾ തുടങ്ങി വകുപ്പിന് കീഴിൽ സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ഈ സംവിധാനം 2018 ഡിസംബർ 31 നകം നടപ്പിൽ വരുത്തേണ്ടതാണ്. ഇതിന്റെ ഉത്തരവാദിത്വം വകുപ്പ് തലവനും, വകുപ്പ് സെക്രട്ടറിയ്ക്കുമായിരിക്കും.

11) വകുപ്പിനും, വകുപ്പിനു കീഴിലുള്ള ഓഫീസുകളിലും, സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത പഞ്ചിംഗ് സംവിധാനം പൂർത്തീകരിക്കുന്ന മുറയ്ക്ക് സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണ വകുപ്പ് മുഖേന പൊതുഭരണ (ഏകോപനം) വകുപ്പിനെ വിവരം അറിയിക്കേണ്ടതാണ്.

12) പുതിയതായി ബയോമെട്രിക്ക് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച സംശയ നിവാരണങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ മുഖേന പൊതുഭരണ (ഏകോപനം) വകുപ്പുമായി ബന്ധപ്പെടാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**

**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ
സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പു മേധാവികൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്കും
മാനേജർ, സ്പാർക്ക്, TC 25/3436/(37), ഉപ്പളം റോഡ്, തിരുവനന്തപുരം - 695 001
മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ. സെക്യൂരിറ്റി & സർവൈലൻസ് ഗ്രൂപ്പ്
കരകുളം, തിരുവനന്തപുരം
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ,തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്,
തൃശൂർ- 680 596
രജിസ്ട്രാർ, കേരള വെറ്റിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പ്
ഓഫീസ്, വയനാട്
കേരള കാർഷിക സർവ്വകലാശാലാ ക്യാമ്പസ്, മണ്ണുത്തി, തൃശൂർ
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്,
കൊച്ചി
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ